




# ആന പറഞ്ഞ കഥ

എന്റെ പേര് വേലൻ. കാട്ടിലാണ് എന്റെ താമസം. ഒരുപാടു കാലമായി ഞാൻ ഇവിടെയാണ് ജീവിക്കുന്നത്. ഈ കാടിന്റെ മാറ്റങ്ങൾ കണ്ടാണ് ഞാൻ വളർന്നത്. എന്റെ വർഗക്കാർ ധാരാളമുണ്ടിവിടെ. ഇന്ത്യൻ കാടുകളിലെ ആനകളുടെ ചരിത്രത്തിന് ആറുമില്യൻ വർഷങ്ങളിലേറെ പഴക്കമുണ്ടത്രേ.

ഇപ്പോൾ ഞാൻ മുതുമലയിലെ വന്യജീവിസങ്കേതത്തിലാണ്. ഇവിടം എനിക്ക് ഇഷ്ടപ്പെട്ടു. ഇനി ജീവിതാവസാനം വരെ ഇവിടെത്തന്നെ കഴിയാനാണെന്റെ തീരുമാനം.



**വന്യജീവിസങ്കേതം എന്നാൽ എന്താണെന്നറിയാമോ?**

വന്യജീവികൾക്ക് സ്വാഭാവിക സാഹചര്യത്തിൽ സുരക്ഷിതരായി കഴിയുവാൻ ആവശ്യ മായ സൗകര്യങ്ങൾ സംരക്ഷിച്ചിട്ടു ള്ള വനപ്രദേശമാണ് വന്യജീവിസങ്കേതം.



ഞാൻ ജനിച്ചത് നീലഗിരിയിലാണ്. ഇവിടത്തെ വനം വളരെ വലുതാണ്. വൻമരങ്ങൾ തിങ്ങിഞെരുങ്ങി വളരുന്ന വൻകാട്. ഇവിടെ 'മോയർ' എന്ന ഒരു നദിയുണ്ട്. അതിൽ നിന്നാണ് ഞങ്ങൾ വെള്ളം കുടിക്കുന്നത്. നീന്തിക്കുളിക്കാനും പുല്ലു മേയാനുമൊക്കെ സൗകര്യം തരുന്നത് ഈ നദി തന്നെ.



ഞാൻ ഒറ്റയ്ക്കല്ല. ഞങ്ങൾ ബന്ധുക്കളെല്ലാം ഒരു കൂട്ടമായിട്ടാണ് കഴിയുന്നത്. ഓരോ കൂട്ടത്തിനും നേതൃത്വം നല്കുന്നത് മുതിർന്ന ഒരു പിടി യാനയാണ്.



ഞങ്ങൾ പരസ്പരം നല്ല സ്നേഹത്തിലാണ്. കുട്ടികളെ സംരക്ഷിക്കുന്നതും നീരാടുന്നതും ചേറിലുരുളുന്നതും കാട്ടുമുളയും കരിമ്പും ഒടിച്ച് ചവച്ചുനടക്കുന്നതുമൊക്കെ ഞങ്ങൾ ഒരുമിച്ചാണ്.



ഈ ചിത്രം നോക്കൂ. ഇദ്ദേഹത്തിന്റെ പേര് പഴനിച്ചാമി. പല വർഷങ്ങളായി കുടുംബസമേതം ഞങ്ങളോടൊപ്പം ഈ കാട്ടിലാണു താമസം. വനസംരക്ഷണ വകുപ്പിൽ ജോലിചെയ്യുകയാണിപ്പോൾ. കാട്ടുതീ പിടിച്ചാൽ ഞങ്ങൾക്കു മുന്നറിയിപ്പ് നല്കലും തീയണയ്ക്കാൻ വേണ്ടതു ചെയ്യലുമൊക്കെയാണ് ഇദ്ദേഹത്തിന്റെ ജോലി. കാലാകാലങ്ങളിൽ മൃഗങ്ങളുടെ കണക്കെടുക്കലും അസുഖം ബാധിച്ചവയെ ഡോക്ടറുടെ അടുത്തെത്തിക്കലും ഇദ്ദേഹത്തിന്റെ ചുമതല തന്നെ.



ആരെങ്കിലും വന്യജീവികളെ വേട്ടയാടൻ ശ്രമിച്ചാൽ വനസംരക്ഷണവകുപ്പിലെ ഉദ്യോഗസ്ഥരെ അറിയിക്കുന്നതും ഇദ്ദേഹമാണ്. പ്രത്യേക ഇനം വന്യമൃഗങ്ങളും പക്ഷികളും വസിക്കുന്ന ഭാഗങ്ങൾ ഇദ്ദേഹത്തിനറിയാം. വന്യജീവിസങ്കേതം കാണാൻ വരുന്നവരെ അങ്ങനെയുള്ള സ്ഥലങ്ങളിലേക്ക് വിളിച്ചുകൊണ്ടുപോകാനും അദ്ദേഹം തയ്യാറാണ്. ഈ സംരക്ഷിതപ്രദേശത്ത് സന്ദർശകർ പ്ലാസ്റ്റിക് മാലിന്യങ്ങളും മറ്റും വലിച്ചെറിയാതെ നോക്കുന്നതും ഇദ്ദേഹം തന്നെ. ഞാൻ ഇവിടെ സുരക്ഷിതനാണ്. മുതുമലയിൽ വന്നാൽ നിങ്ങൾക്ക് എന്നെ കാണാം.

### മുതുമല വന്യജീവിസങ്കേതവും ദേശീയ ഉദ്യാനവും

'മുതുമല' ഒരു പഴക്കമേറിയ മലനിരയാണ്. 1940 നു മുമ്പു തന്നെ വന്യജീവിസങ്കേതമായി പ്രഖ്യാപിക്കപ്പെട്ട സ്ഥലമാണിത്. ആനകൾ മാത്രമല്ല മറ്റുധാരാളം മൃഗങ്ങളും ഇവിടെയുണ്ട്. 'കടുവാസംരക്ഷണസങ്കേതം' കൂടിയാണിത്. ഇവിടെയുള്ള പക്ഷികളെ നിരിക്ഷിക്കുന്നതും വളരെ രസകരമായ അനുഭവം തന്നെ.





ഊട്ടിയിൽ നിന്നു മൈസൂറിലേക്കുള്ള പാതയിലാണ് ഈ സങ്കേതം സ്ഥിതി ചെയ്യുന്നത്. രാത്രിസമയങ്ങളിൽ വളരെ വേഗത്തിൽ പാഞ്ഞുവരുന്ന വാഹനങ്ങൾ മൂലം ചില ജന്തുക്കൾക്ക് അപകടങ്ങളും സംഭവിക്കാറുണ്ട്. യാത്രക്കാർ വലിച്ചെറിയുന്ന പ്ലാസ്റ്റിക് ബാഗുകളും മറ്റും വന്യജീവികൾക്കു ദോഷം ചെയ്യുന്നുണ്ട്.

## ഇന്ദിരാഗാന്ധി വന്യജീവിസങ്കേതവും ദേശിയോദ്യാനവും



കോയമ്പത്തൂരിലുള്ള ആനമല നിരകളിലാണ് ഈ സങ്കേതം സ്ഥിതി ചെയ്യുന്നത്. ഇവിടത്തെ മലകൾക്കു നല്ല ഉയരമുണ്ട്. ഈ മലകളിലെ കാടിന് 'ഷോലവനങ്ങൾ'എന്നാണു പേര്. ധാരാളം മുളങ്കൂട്ടങ്ങൾ ഇവിടെ കാണപ്പെടുന്നു.



പുലി

### വന്യജീവിസങ്കേതത്തിൽ കാണപ്പെടുന്ന മൃഗങ്ങൾ

നിങ്ങൾക്കിഷ്ടം ഏതിനോടാണ് ?



ആന



കാട്ടുപോത്ത്



കലമാൻ



കടുവ



കുറുക്കൻ





പറക്കുന്ന അണ്ണൻ



മരപ്പട്ടി



ബാർബെറ്റ്സ് (barbets),



ബാബ്ളേഴ്സ് (babblers),



ഇരട്ടവാലൻകുരുവി (drongos),



മയിൽ (Peafowl)

## കോടിക്കര വന്യജീവിസങ്കേതം

ഇത് തീരദേശത്തെ വിശാലമായ മണൽപ്പരപ്പിൽ സ്ഥിതി ചെയ്യുന്ന ഒരു സങ്കേതമാണ്. നദി സമുദ്രത്തിൽ ചേരുന്ന പൊഴിമുഖത്ത് രൂപപ്പെട്ടിരിക്കുന്ന ജലാശയത്തിലും പരിസരത്തുമാണ് ഇത് ഒരുക്കിയിരിക്കുന്നത്. 'ഒലീവ് റിഡ്‌ലി' എന്ന കടൽആമ, നക്ഷത്രആമ എന്നിവ ഇവിടെയുണ്ട്. ഒലീവ് റിഡ്‌ലി കടൽക്കരയിൽ വന്ന് മുട്ടയിട്ടശേഷം തിരിച്ച് കടലിലേക്ക് പോകും.





ഒലിവ് റിഡ്‌ലി ആമ    ഒലിവ് റിഡ്‌ലി ആമയുടെ മുട്ടകൾ    നക്ഷത്ര ആമ

അതിശൈത്യത്തിൽ നിന്നും അത്യുഷ്ണത്തിൽ നിന്നും രക്ഷപ്പെടാനായി. ദേശാടനപക്ഷികൾ ആയിരക്കണക്കിനു കിലോമീറ്റർ താണ്ടി ഇവിടെ എത്തുന്നുണ്ട്. അങ്ങനെവന്നു ചേരുന്ന അനേകംപക്ഷികളെ ഇവിടെക്കാണാം.






പ്ലോവേഴ്സ് (Plovers)    ടേൺ (Tern)    കടൽകാക്ക (Gulls)    വേടാർസ് (Waders)

നവംബർ മുതൽ മാർച്ച് വരെയാണ് ദേശാടനപക്ഷികൾ വന്നു ചേരുന്ന സമയം.

## ശ്രീവില്ലിപുത്തൂരിലെ ചാരനിറ അണ്ണാൻ സങ്കേതം

ചാരനിറഅണ്ണാൻ എന്ന അപൂർവ്വ ജന്തുവർഗ്ഗത്തെ സംര ക്ഷിക്കാനായി 1989 -ാം ആണ്ടിൽ സ്ഥാപിക്കപ്പെട്ടതാണ് ഈ സങ്കേതം. ഏകദേശം 480 കി.മീ.

വിസ്തീർണ്ണമുണ്ട്. ചാരനിറഅണ്ണാൻ സാധാരണ അണ്ണാനെക്കാൾ വലുതാണ്. ശരീരത്തിന്റെ അടിവശം മങ്ങിയ വെള്ളനി റത്തിലും മേൽഭാഗം ചാരനിറത്തിലുമാണ്. വെള്ളനിറത്തിലുള്ള വലയ ങ്ങളുള്ള ഇതിന്റെ വാൽ നല്ല ഭംഗിയുള്ളതാണ്. പുളി, വാക, ഞാവൽ, നീർമരുത്, താന്നി, വേപ്പ് മുതലായ മരങ്ങളിലാണ് ഇതിന്റെ താമസം.




## മന്നാർ ഉൾക്കടലിലെ ആഴക്കടൽ ദേശീയോദ്യാനം

സമുദ്രത്തിനടിയിലെ ഒരു ദേശീയോദ്യാനമാണിത്. ഇതിന് 10500 ചതുരശ്രകിലോമീറ്റർ വിസ്തൃതിയുണ്ട്. ഇന്ത്യയുടെ തെക്കുകിഴക്കൻ തീരത്തുള്ള മന്നാർ ഉൾക്കടൽഭാഗമാണ് ഇതിനുവേണ്ടി തെരഞ്ഞെടുക്ക പ്പെട്ടിരിക്കുന്നത്. 21 ചെറിയ ദ്വീപുകൾ അടങ്ങിയതാണീ പ്രദേശം.



വ്യത്യാസ ഇനങ്ങളിൽപ്പെട്ട സമുദ്രജീവികളുള്ള ഭാഗമാണിത്. കടൽപായലുകൾ, പവിഴപ്പുറ്റുകൾ, കടൽപുല്ലുകൾ തുടങ്ങി 3600 ലധികം സസ്യങ്ങളും ജന്തുക്കളും ഇവിടെ ജീവിക്കു ന്നുണ്ട്. സമുദ്രത്തിനടിയിലായതിനാൽ ആളുകൾക്കു കാണാൻ അനുവാദമില്ല.

## ഗിണ്ടിയിലെ ദേശീയോദ്യാനം



ഇന്ത്യയിലെ ചെറിയ ദേശീയോദ്യാനങ്ങളിൽ എട്ടാമത്തേതാണിത്. ചെന്നൈ പട്ടണ ത്തിന്റെ മധ്യത്താണ് ഗിണ്ടി സ്ഥിതിചെയ്യുന്നത്. നഗരപ്രദേശത്ത് ദേശീയോദ്യാനങ്ങൾ അപൂർവ്വമാണ്. ഇംഗ്ലീഷുകാരുടെ ഭരണകാലത്ത് ഗിൽബർട്ട് റോഡ്റിക്സ് എന്നയാളുടെ സ്വകാര്യ വേട്ടയാടൽ കേന്ദ്രമായിരുന്നു ഇവിടം. 1958 ൽ തമിഴ്നാട് സർക്കാരിന്റെ വനസംരക്ഷണവകുപ്പിന്റെ നിയന്ത്രണത്തിലായി. കുറ്റിക്കാടുകളും പലതരം സസ്യങ്ങളും ഉള്ള വരണ്ട കാടാണ് ഇവിടെയുള്ളത്. മുന്നൂറ്റിഅമ്പതിലധികം സസ്യഇനങ്ങൾ ഇവിടെയുള്ളതായി കണക്കാക്കിയിട്ടുണ്ട്. കുട്ടികൾക്കു കണ്ടു രസിക്കാൻ പാകത്തിൽ ചെറുതരം മൃഗങ്ങളും പലതരം പക്ഷികളും ഇവിടെ ഉണ്ട്.




ഡയനോസറസ് ശില്പം







**100ലധികം ഇനത്തിൽപെട്ട പക്ഷികളെ കാണാം**



പലതരം തവളകൾ, ഇഴജന്തുക്കൾ, ചെറുപ്രാണികൾ തുടങ്ങിയവയും ഉണ്ട്. ഇവിടെ ഒരു പാമ്പുവളർത്തൽ കേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്.





**കൂന്തൻ കുളം  സങ്കേതം**

തിരുനെൽവേലിയിൽ നിന്നു 38 കിലോമീറ്റർ അകലെയുള്ള ഒരു ഗ്രാമമാണ് കൂന്തൻകുളം.



ദീപാവലി ദിവസം പോലും പടക്കങ്ങൾ പൊട്ടിക്കുകയില്ല എന്ന് പ്രതിജ്ഞ യെടുത്തിട്ടുള്ള ആളുകളാണ് ഈ ഗ്രാമത്തിൽ താമസിക്കുന്നത്. ലോകത്തിന്റെ പല ഭാഗത്തുനിന്ന് വന്നു ചേരുന്ന ദേശാടനപ്പക്ഷികൾക്ക് ശല്യമായിത്തീരുമെന്നു കരുതിയാണ് അവർ ഇങ്ങനെചെയ്തത്. ഇവിടെയുള്ള ജലാശയത്തെയും മരങ്ങളെയും പക്ഷികളെയും സംരക്ഷിക്കുക എന്ന ചുമതല അവർ സ്വയം ഏറ്റെടുത്തിരിക്കുന്നു.ഒരു പക്ഷിയുടെ മുട്ടയോ കുഞ്ഞോ കൂട്ടിൽ നിന്നുവീണുപോയാൽ അതെടുത്തു ശരിയായി വയ്ക്കാൻ പോലും അവർ ശ്രദ്ധിക്കുന്നു.

1994 ൽ സർക്കാർ ഇതൊരു പക്ഷിസങ്കേതമായി പ്രഖ്യാപിച്ചു. തമിഴ്നാട്ടിൽ തന്നെയുള്ള വേടൻതങ്കൽ പക്ഷിസങ്കേതത്തെപ്പോലെയുള്ള ഒന്നാണ് കൂന്തൻകുളവും. പ്രകൃതിയെ സംരക്ഷിക്കുമെന്ന് നമുക്കും പ്രതിജ്ഞ ചെയ്തുകൂടെ.?




### അറിഞ്ഞിരിക്കാം





**തമിഴ്നാട്ടിലെ 5 ദേശീയോദ്യാനങ്ങൾ**

1. ഇന്ദിരാഗാന്ധി നാഷണൽ പാർക്ക് (1989)
2. മുതുമല നാഷണൽ പാർക്ക്(1990)
3. മുകൂർതി നാഷണൽ പാർക്ക് (1990)
4. മന്നാർ ഉൾക്കടൽ മറൈൻ നാഷണൽ പാർക്ക് (1980)
5. ഗിണ്ടി നാഷണൽ പാർക്ക്(1976






### തമിഴ്നാട്ടിലെ 7 വന്യമൃഗസങ്കേതങ്ങൾ



1. ചാരനിറഅണ്ണാൻ വന്യമൃഗസങ്കേതം - ശ്രീവില്ലിപുത്തൂർ, വിരുദുനഗർ ജില്ല
2. ഇന്ദിരാഗാന്ധി വന്യമൃഗസങ്കേതവും ദേശീയോദ്യാനവും - കോയമ്പത്തൂർ ജില്ല
3. കളക്കാട് വന്യമൃഗസങ്കേതം, മുണ്ടൻതുറ കടുവാസംരക്ഷണകേന്ദ്രം - തിരുനെൽവേലി ജില്ല
4. കന്യാകുമാരി വന്യമൃഗസങ്കേതം, കടുവാസംരക്ഷണകേന്ദ്രം - കന്യാകുമാരി ജില്ല
5. മുതുമല വന്യജീവിസങ്കേതവും ദേശീയോദ്യാനവും - നീലഗിരി ജില്ല
6. സത്യമംഗലം വന്യജീവിസങ്കേതം - ഈറോഡ് ജില്ല (2008 ൽ പ്രഖ്യാപിക്കപ്പെട്ടത്)
7. വല്ലനാട് വന്യജീവിസങ്കേതം - തൂത്തുക്കുടി ജില്ല





കൃഷ്ണമൃഗങ്ങളുടെ സങ്കേതമാണിത്. ആന്റിലോപ്പ് വർഗ്ഗത്തിൽപ്പെട്ടതും മാനിനെപ്പോലെ രൂപമുള്ളതുമായ ഒരു മൃഗമാണിത്



വന്യജീവി സംരക്ഷണ കേന്ദ്രം





പക്ഷിസങ്കേതം

## തമിഴ്നാട്ടിലെ പക്ഷിസങ്കേതങ്ങൾ




1. ചിത്തരൻകുടി പക്ഷിസങ്കേതം, രാമനാഥപുരം ജില്ല
2. കഞ്ചിരൻ കുളം പക്ഷിസങ്കേതം, രാമനാഥപുരം ജില്ല
3. കാരൈവെട്ടി പക്ഷിസങ്കേതം, പെരമ്പലൂർ ജില്ല
4. കാരൈക്കിള്ളി പക്ഷിസങ്കേതം, കാഞ്ചീപുരം ജില്ല
5. കൂന്തൻകുളം പക്ഷിസങ്കേതം, തിരുനെൽവേലി ജില്ല
6. മേൽശെൽവനൂർ കീഴ്ശെൽവനൂർ പക്ഷിസങ്കേതം, രാമനാഥപുരം ജില്ല
7. പോയിന്റ് കാളിമർപക്ഷിസങ്കേതം, തഞ്ചാവൂർ ജില്ല
8. പുലിക്കാട്ട് ഏരി പക്ഷിസങ്കേതം, തിരുവള്ളലൂർ ജില്ല
9. ഉദയമാർത്താണ്ഡപുരം പക്ഷിസങ്കേതം, തിരുവാരൂർ ജില്ല
10. വടവൂർ പക്ഷിസങ്കേതം, നാഗപട്ടണം ജില്ല
11. വേടൻതാങ്കൽ പക്ഷിസങ്കേതം, കാഞ്ചീപുരം ജില്ല
12. വെള്ളോട് പക്ഷിസങ്കേതം, ഈറോഡ് ജില്ല
13. വെട്ടാങ്കുടി പക്ഷിസങ്കേതം, ശിവഗംഗ ജില്ല






ഇവയ്ക്കുപുറമെ



പുതുക്കോട്ട ജില്ലയിലെ വിരാലിമലയിൽ മയിലുകൾക്കുമാത്രമായി ഒരു സങ്കേതവും തഞ്ചാവൂർ ജില്ലയിലെ കള്ളപ്പെരുമ്പലൂരിൽ വനസംരക്ഷണവകുപ്പ് ഈയിടെ പ്രഖ്യാപിച്ച ഒരു പക്ഷിസങ്കേതവും ഉണ്ട്.






തമിഴ്നാട്ടിൽ മൃഗങ്ങളെയും മറ്റു വിവിധ ജീവജാലങ്ങളെയും സംരക്ഷിക്കുന്ന പ്രധാനപ്പെട്ട മൂന്നു കേന്ദ്രങ്ങളാണ്

1. മന്നാർ ഉൾക്കടൽ
2. പശ്ചിമഘട്ട മലനിരകളും നീലഗിരിമലയും
3. അഗസ്ത്യമല



**(ഈ സ്ഥലങ്ങളിലേക്ക് ഒരു വിനോദയാത്ര, പരിപാടി തയ്യാറാക്കിയാലോ?)**



## മൂല്യനിർണയം

I. പൂരിപ്പിക്കുക

1. ആമകളെ സംരക്ഷിക്കുന്ന സങ്കേതം __________.
2. അണ്ണാൻ സങ്കേതം __________.
3. മഹാനഗരത്തിൽ സ്ഥിതിചെയ്യുന്ന ദേശീയോദ്യാനം __________.
4. സമുദ്രജീവികൾക്കായുള്ള ദേശീയോദ്യാനം__________.
5. ദേശാടനപ്പക്ഷികൾ വൻതോതിൽ എത്തുന്ന പക്ഷിസങ്കേതം __________.

II. പീലിയില്ലാതെ സങ്കടപ്പെടുന്ന ഈ മയിലിന് തൂവലുകൾ കൊണ്ടൊരു പീലിയുണ്ടാക്കാമോ? (കിട്ടുന്നിടത്തോളം പക്ഷികളുടെ തൂവലുകൾ ശേഖരിക്കുക)

